# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T478
29-11-2018-ലെ മറുപടിയ്ക്ക്

**സാലറി ചലഞ്ച്**

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) പ്രളയദുരിതാശ്വാസ നിധിയിലേക്ക് സാലറി ചലഞ്ച് പ്രകാരം നാളിതുവരെയായി എത്ര തുക ലഭിച്ചിട്ടുണ്ട്; | പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫിനു വേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28.11.2018 വരെ രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്. |
| ബി) ഇതിൽ സംസ്ഥാനത്തെ എത്ര ജീവനക്കാർ പങ്കാളികളായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | 24.11.2018 ലെ സ്പാർക്കിലെ വിവരം അനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു(57.33%).<br><br>സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തിരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24.11.2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്. |
| സി) പങ്കാളികളാകാത്ത ജീവനക്കാരുടെ പേര് | ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും |

| | |
|---|---|
| വിവരങ്ങൾ വെളിപ്പെടുത്താൻ നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; | ഹൈക്കോടതിയുടെയും ഉത്തരവുകൾപ്രകാരം സാലറി ചലഞ്ചിൽ പങ്കാളികളാകാത്ത ജീവനക്കാരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്താൻ നിർവാഹമില്ല. |
| ഡി) എങ്കിൽ കാസർഗോഡ് ജില്ലയിൽ പങ്കാളികളാകാത്ത ജീവനക്കാരുടെ പേരും തസ്തികയും വകുപ്പും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ